FAROOK HIGHER SECONDARY SCHOOL




# ഡിജിറ്റൽ മാഗസിൻ

# ഉള്ളടക്കം

എഡിറ്റോറിയൽ ബോർഡ്............... 2
ശിൽപി...............4
രാജ കവാടം.........5
ഫാറൂക്ക് എച്ച് എസ്സ് എസ്സ്.............6
സന്ദേശം................7
ഫീൽഡ് ഓഫ് ലൗ (കവിത).................9
"കണ്ണീർ തോരാതെ"(കവിത) ..........10
ഹെൽത്ത് ക്ലബ്...........11
ക്രിയേഷൻ(കവിത)...........12
വൈ മീ(കവിത)...........13
ഹിരോഷിമ...........14
കാത്തിരിപ്പ്(കഥ)............15
ബഷീർ ഡേ.......16
ഊഞ്ഞാൽ വീട് (കവിതാ സമാഹാരം).....17
സയൻസ് ഫെയർ............19
എന്റെ ഭാരതം(കവിത).............20
വായന ദിനം........21
മരിക്കുന്ന ഭൂമി(കവിത)..........22
സ്വാതന്ത്ര്യ ദിനം.........23
കാലിക കത്ത്(കഥ).........24
ഹായ് ഇംഗ്ലീഷ്.............25
അമ്മ(കവിത)...........26
പത്രവാർത്ത.........27
പച്ചക്കറി കൃഷി..........28
കൃഷി ചെയ്യുവിനേവരും(കവിത)........29
ലൈഫ് (കവിത)...........31
ജലം ജീവാമൃതം.........32
എവർ ഗ്രീൻ ലൗവ്(കവിത)...........33
ചിരി(കഥ).........34
സ്കൂൾ കലോത്സവം........35
കിതപ്പ്(കവിത)..........36
എന്റെ ഇന്ത്യ(ചിത്രം).......37
ലോക്കറ്റ്(കഥ).........38
മാറ്റം(ലേഖനം)...........39
മുറിവ്(കവിത).......40
മരവിക്കുന്ന വിദ്യാർത്ഥി മനസ്സ്...........41
ഒരേ ഒരു കാര്യം ഒന്നു മാത്രം..........43
വാർ സെൻസ്(കവിത)..........44
വനരോദനം(കവിത).......45
ചിത്രം.......46
ആ സമരപന്തലിൽ(കവിത)..............47
സ്കൂൾ പാർലമെന്റ് ഇലക്ഷൻ.........48
സ്മാർട്ട് റോബോട്ടിക്സ്.............50
വാർത്ത..........51
ഗ്രീൻ അമ്പാസിഡേർസ്............52
വാർത്ത.........53
ചെറു കവിതകൾ.........54
ഹിന്ദി ദിനാചാരണം............56
വാർത്ത............57
ക്ലാസ് ലൈബ്രറി ഉദ്ഘാടനം...........58
അഭിമാന താരം(വാർത്ത)............59
ചാർട്ട് വർക്ക്..........60
സ്കൂളിന്റെ സവിശേഷതകൾ...........62
വാർത്ത.............64
ചിത്രം..............65
നന്ദി..............66

## STUDENT EDITOR

## AFLAH SIDHIQUE



# CREW




# LITTLE KITES MEMBERS





## ശിൽപി



## പ്രഭാതത്തിൻെറ വിധാതാവ്-أبُ صّباح

# *THE LIGHT OF THE CAMPUS*



# അറിവിൻെറ പൂന്തോപ്പിലേക്ക്

# 'രാജ'കവാടം



# ഫാറൂഖാബാദ് സ്ഥാപനത്തിന്റെ മൂന്നാം കണ്ണി

# ഫാറൂഖ് എച്ച് എസ്സ് എസ്സ്

# സന്ദേശം



വിവര സാങ്കേതിക വിദ്യയുടെ അനന്ത സാദ്യതകൾ ഉപയോഗപ്പെടുത്തി കൂട്ടായ്മയിലൂടെ കുട്ടികൾ ആർജ്ജിച്ച് അറിവുകൾ ലോകത്തെമ്പാടുമുള്ള ജനങ്ങളിലേക്ക് എത്തിക്കുവാൻ കഴിയുന്നു എന്നതാണ് ലിറ്റിൽ കൈറ്റ്സ് ഇ-മാഗസിന്റെ വിജയം. കുട്ടികളുടെ സർഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുവാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുന്നു.ഇതിനു മുൻകൈ എടുത്ത കുട്ടികൾക്കും സഹായിച്ച എല്ലാ അധ്യാപകർക്കും എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

ഹെഡ്മാസ്റ്റർ

**എം എ നജീബ് സർ**

# FEELS OF LOVE



ABHISHEK. K. DINESH

**My eyes miss 'U'........**
**My feelings love 'U'........**
**My hands need 'U'.......**
**My mind calls 'U'........**
**My heard is just for 'U'.........**
**My life is 'U'..........**
**I Love 'U'.........**
**I will die without 'U'...........**
**That's what my ''MOM' says to me**



റിയ. പി
8 സി

# "കണ്ണീർ തോരാതെ"

നിൽക്കാതെ പെയ്യുന്ന മഴ

കുട്ടികൾക്കെല്ലാം ആഹ്ലാദം

പക്ഷെ ചിലർക്കെല്ലാം

ദുഖം സമ്മാനിച്ചു കൊണ്ടായിരുന്നു

ഈ കാലത്തിന്റെ വരവ്

വീടുകളിൽ വെള്ളം കയറി !

കടൽ ക്ഷോഭിതയായി !

കാറ്റ് ആഞ്ഞു വീശി !

കുടിലുകൾ തകർന്നിടിഞ്ഞു !

മണ്ണിടിച്ചിലും,ഉരുൾപൊട്ടലും !

ഭീകരരൂപങ്ങളായി നമ്മുടെ
മുന്നിലെത്തി !

മനുഷ്യ കർമങ്ങൾക്കെതിരെയുള്ള

ഭൂമിയുടെ പ്രതികാരമാണോ ഇത് ?

നിർത്താതെ പെയ്യുന്ന മഴ

ഭൂമിയുടെ തീരാരോദനമാണോ ?

എന്നാണ് ഇതിന്റെയെല്ലാം
അവസാനം ?

എന്താണ്ഇതിനൊരു പ്രതിവിധി ?

അതോ എന്നെന്നും തോരാത്ത
കണ്ണീരായി മാറുമോ ഇത് ??

# HEALH CLUB










**Having no one is nothing**
**Having someone is some thing**
**It is a life of sadness and happiness**
**It don't care if there are friend's**
**Sadness is very hurting if you are alone**
**Sadness is nothing if you have a true friend**
**Friend is just like a magnet**
**It's not like a cricket bat and a cricket ball**
**Earth has moon as it's friend**
**Just like the sun have stars**
**Solar system is like friends**
**Moving in the same path**
**Just be a friend always.**
**A true friend to gain victory**
**To be the winner of life**



# Why me...?

SANDESH

God, I wanted to be a bird,
so that I could fly all over the world.
I wish my life would be as slow as a sloth,
so that I could spend my whole life sleeping.
I would be happy if my pride is just as a lion's ,
The one who can rule the kingdom as a real warrior.
it would be so exciting if i were a dolphin ,
who can giggle and wiggle all over the ocean,
Why can't you make me a turtle,
and give the boon to live a one fifty years.
How could you just ignore the feel,
Who is the power house of electricity?
This beautiful world is made up of million of animals,
Million of special things and facts.
Why am I left back?
Why me?
Why can't be just all of these.....

# HIROSHIMA DAY


























ഹന്ന നസ്റിൻ 9D

# “കാത്തിരിപ്പ്"

പ്രഭാതസൂര്യന്റെ പൊൻകിരണങ്ങൾ ജനലഴികളിൽക്കൂടി ഒളിഞ്ഞുനോക്കിയപ്പോഴാണ് ഭാനുവമ്മ എഴുന്നേറ്റത്. തലേന്ന കണ്ട ദുഃസ്വപ്നത്തിന്റെ നിഴലെന്നോണം അവരുടെ മുഖം ഇരുണ്ടിരിക്കുന്നു. ഒരു പക്ഷി മരക്കൊമ്പിലിരുന്ന് സ്വതസിദ്ധമായ ഭാഷയിൽ പാടുന്നു. എന്നും ആ പക്ഷിയുടെ സ്വരം കേട്ടാണ് താൻ ഉണർന്നിരിന്നത്. അവർ ഓർത്തു.പ്രായാധിക്യം കൊണ്ടാവാം ഒന്നും ഈയിടെയായി ഓർമ്മയിൽ നിൽക്കുന്നില്ല. എഴുന്നേൽക്കാൻ ഒരു പ്രയാസം.ജാനകീ...അവർ നീട്ടിയൊന്നു വിളിച്ചു. എന്നും ആ വിളി കേട്ടാൽ ശകാരമഴ ചൊരിയുന്ന മരുമകൾ പതില്ലാത്തവിധം ഉല്ലാസവതിയാണ്. എന്താണ് ഈശ്വരാ... ? ഇതിന്റെയൊക്കെ അർത്ഥം ? ഇന്നലെ രാത്രി മുഴുവൻ മുഖവും വീർപ്പിച്ച് നടന്നിരുന്ന ഇവൾക്കെന്താ വല്ല നല്ല ബുദ്ധിയും തോന്നിയോ ? അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ ജാനകി അവർക്ക് എല്ലാം ചെയ്തുകൊടുത്തു. മകന്റെ മുഖവും പ്രസാദം നിറഞ്ഞതായിരുന്നു. ആ കുടുംബത്തിന്റെ താളം തിരിച്ചു കിട്ടിയതുപോലെ. അതു കണ്ട് ഭാന്യവമ്മയുടെ ഉള്ളം കുളിർത്തു. പതിവില്ലാത്ത വിധം ഒരു കാർ ബ്രേക്കിടുന്ന ശബ്ദം കേട്ട് അവർ സന്തോഷിച്ചു. മകൻ തന്റെ കൈയും പിടിച്ച് കാറിൽകൊണ്ടുപോയി ഇരുത്തി. വീടും പറമ്പും കടന്ന് അവർ പോകുന്ന വഴിയിലെല്ലാം ഒരു അസാധാരണമായ ഭംഗി നിറഞ്ഞുനിൽക്കുന്നതായി അവർക്ക് തോന്നി.

**വളവുകളും തിരിവുകളും കഴിയും തോറും അവർ വല്ലാത്ത ഉത്സാഹം.**

**എന്നിട്ടുമെന്താ ആരും ഒന്നും സംസാരിക്കാത്തത്. അവസാനം അതാ മുന്നിൽ ആ വലിയ ബോർഡ്.**

**ങേ.. എന്താണത് ?**

**കണ്ണുകൾ തിരുമ്മി അവർ സൂക്ഷിച്ചു നോക്കി**

# 'വൃദ്ധ സദനം

**കണ്ണുകളിലെ വെളിച്ചം ഇരുട്ടി താൻ ആഴ്ന്നുപോകുന്നുവോ?**

# BASHEER DAY









# "ഊഞ്ഞാൽ വീട് - അനാമികയുടെ കവിതകൾ"

## എന്ന കവിതാസമാഹാരത്തിൽ നിന്ന്

### "മഴ"

മഴക്കിന്ന് കരയാനേ അറിയൂ

അന്ന് ഞാൽ കാരണം

പെയ്തൊഴിഞ്ഞത്

ഒരുപാട് സ്വപ്നങ്ങളായിരുന്നു

മഴക്കിന്ന് പൊറുക്കാനേ അറിയൂ

അന്ന് ഞാൽ കാരണം

നഷ്ടമായത്

ഒരുപാട് പ്രതീക്ഷകളായിരുന്നു

മഴക്കിന്ന് ഓർക്കനേ അറിയൂ

അന്ന് ഞാൽ കാരണം

ചേതനയറ്റത്

ഒരുപാട് ജീവിതങ്ങളായിരുന്നു

മഴക്കിന്ന് വികാരങ്ങളേയില്ല

അന്ന് ഞാൽ കാരണം

കരഞ്ഞു തീർത്തത്

മഴയുടെ വികാരങ്ങളായിരുന്നു

### "നീ"

ഒരു കുളിർക്കാറ്റായ്

അരികത്തണഞ്ഞു

മധുകണമായ് നീ

മനസ്സിൽ നിറഞ്ഞു

ഒരു സ്വപ്നത്തിൽ

അറിയാതെയൊഴുകി

* * *

### "മണ്ടത്തരം"

കുട്ടപ്പൻ ചേട്ടന്റെ തട്ടുകടക്കുള്ളിൽ

കള്ളൻമാർ രാത്രിയിൽ പാഞ്ഞുകേറി

ചായയുണ്ടാക്കീട്ട് ചായേം കുടിച്ചീട്ട്

കാശവിടെ വെച്ചീട്ട് ഓടിപ്പോയി

* * *

## "പ്രകൃതി"

പൂമണം വീശിടും
കുളിർക്കാറ്റുകൊണ്ടു ഞാൻ
നറുതേൻ നുകരുന്ന
ശലഭത്തെ കണ്ടു ഞാൻ

മധുവൂറും മണമുള്ള
പൂക്കളെ തൊട്ടു ഞാൻ
കളകളമൊഴുകുന്ന
പുഴകളിൽ നീന്തി ഞാൻ

പാട്ടുകൾ പാടീടും
കിളികളെ കേട്ടു ഞാൻ
ഈ നല്ല പ്രകൃതിയെ
കണ്ടു രസിച്ചു ഞാൻ

* * *

## "പേടി"

ഞാൻ പത്രം
വായിക്കാറേയില്ല
മടിയായിട്ടല്ല
പേടിയാണ്

കറുകറുത്ത വാർത്തകൾ
ഉള്ളു പൊള്ളിക്കുന്നു
കണ്ണു നനയിക്കുന്നു
ചോര തിളയ്ക്കുന്നു

ഈ മനുഷ്യരെന്താണിങ്ങനെ
ലോകത്തിനെന്താണു രോഗം


* * *

# SCIENCE FAIR











# എന്റെ ഭാരതം

MUHAMMED AFLAH



സൗഹൃദമേറും  സുന്ദരമാർന്നൊരു പ്രബുദ്ധ ഭൂമി തൻ ഭാരതം
മിന്നാ മിനുങ്ങു പോൽ മിന്നിടുന്
സുന്തര ഭാരതം പ്രശാന്ത സുന്
ഹിന്ദു മുസൽമാൻ ക്രിസ്ത്യ
പലതാണിവിടെ വിശ്വാസം
പല വേഷക്കാർ പല ഭാഷക്കാർ
നാനാത്വത്തിൽ വാഴുന്നു
കളകള മൊഴുകും അരുവികളും പൂമേടുകളും വൻ കാടുകളും
പാറി രസിക്കും പറവകളും
പുതു രുചി പകരും കനി ഒട്ടേറെ
ഒളിയേറ്റിടാം മണ്ണിനമൃതം പകർന്നിടാം
ഭാരത മേനേമകൾ ഉയർത്തിടാം ഞാൻ ഒന്നായ് നിന്നീടാം
ഹിന്ദി തമിഴ് മലയാളി പഞ്ചാബി ഇങ്ങനെ
ഭാഷക്കാർ പലതിവിടെ
മൊഞ്ചൂറുന്ന സുന്ദരിമാരും ഭാരതത്തിൻ ഐശ്വമേ....
ഉയർത്തി പാടാം ഭാരത നന്മകൾ
ഭാരത മേന്മകൾ ഉയർത്തീടാനായ് ഒന്നായ് നിന്നീടാം

# വായന ദിനം



















അഹമ്മദ് റിസ്‌വാൻ. യു
10 C

## "മരിക്കുന്ന ഭൂമി"

ചൂടുള്ള വാർത്ത !!

ചൂടുള്ള വാർത്ത !!

"ഭൂമി മരണ കിടക്കയിൽ"

രാഷ്ട്രീയ മച്ചാൻമാർ ഒത്തുകൂടി

സമരം വേണം ബന്ദ് വേണം

വേണമെങ്കിലൊരു കൊലയുമാവാം

പുതുയുഗ സത്യസന്ധന്മാർ

വാളിനും തോക്കിനും പകരം

കാമറയും മൈക്കുമൊരുക്കി

ഭൂമിയെ പിടിക്കാൻ

അല്ല, അതിന് ഭൂമിയേതാ?

നമ്മളിവിടെ ചൊവ്വയിലല്ലേ!?

നിൽക്കാൻ സമയമില്ല

ഓടാം ചൊവയിലെ ആദ്യ തലമുറയിലേക്ക്

ഓടിക്കിതപ്പോടെയാരാഞ്ഞു

എന്താണ് ഭൂമി ?

ഉത്തരമൊരു ചെറു

ചിരിയായ് തുടങ്ങി

മക്കളേ നിങ്ങൾ കണ്ടാൽ

അറക്കുന്ന മണ്ണും മണവുമായി

സൂര്യനെ ചുറ്റുന്നു,

മരിക്കുന്ന ഭൂമി

അവിടം കറുപ്പ് വ്യാപിച്ചു

മാനവൻ തന്റെ ധർമ്മം മറന്ന്

ശാസ്ത്രത്തെ

കൂട്ട് പിടിച്ചപ്പോൾ....

ഇനിയെന്ത് ?

കരുണതൻ നിർച്ചാൽ

വറ്റാത്ത ഹൃദയം മൊഴിഞ്ഞു

ഇനിയൊന്നുമില്ല മക്കളേ !

വാസസ്ഥാനമായ ഇവിട-

മെങ്കിലും നമുക്ക് സംരക്ഷിക്കാം

# INDEPENDENCE DAY


























# കാലിക കത്ത്

സാർ,

ഞാൻ ഒരു പാവം നെൽകർഷകനാണ്.എനിക്ക് മൂന്നു മക്കളാണ് ഒരു ആണും രണ്ട് പെണ്ണും കർഷകനായതു കൊണ്ട് പണ്ട് കിട്ടിയിരുന്ന ആനുകൂല്യങ്ങളൊന്നും ഇന്ന് എനിക്കില്ല. എല്ലാം നഷ്ടത്തിലായ എന്റെ ഈ ആവശ്യം സാറൊന്ന് പരിഗണിക്കണം എന്റെ മകൻ MBBS പഠിച്ചു കഴിഞ്ഞു ഈ വർഷം പുറത്തിരങ്ങും.കർഷകന്റെ മകൻ docter ആകുന്നത് ചിലർക്കൊന്നും അത്ര ബോധിച്ചിട്ടില്ല. ഗവൺമെന്റ് അശുപത്രിയിൽ ജോലി ചെയ്യാനാണ് അവന് ആഗ്രഹം. പല ഉദ്യോഗസ്ഥർക്കു മുമ്പിലും ഞാൻ ചെന്നു. അവർക്കൊക്കെ എങ്ങനെയെങ്കിലും ഉപകാര സ്മരണ വേണം. എന്തെങ്കിലുമൊന്ന് ചെയ്യാൻ കൈക്കൂലി കൊടുക്കാൻ എവിടുന്നാ സാറെ കാശ്. ഉള്ളത് രണ്ടായിരത്തിന്റെ ഒറ്റ നോട്ടാ. അതു കൊടുത്താൽ പിന്നെ പട്ടിണിയാവും രണ്ട് പെൺ മക്കളേയും സ്ത്രീധനം കൊടുക്കാനില്ലാത്തതു കൊണ്ട് കെട്ടിക്കൊണ്ടു പോകാൻ ആരും ഇല്ല. സ്വർണവും പണവും എനിക്കെവിടുന്നാ സാറേ..ഇവൻ ജോലിയിൽ കയറിയാൽ എല്ലാം ശരിയാകുമെന്നാണ് എനിക്ക് തോന്നുന്നത്. സാർ ഇത് പരിഗണിക്കണം.

വിശ്വസ്ഥൻ

ദാമോദരൻ

ഒപ്പ്

FASEEH MUHAMMED

# HAI ENGLISH





അഹമ്മദ് അമീൻ 9 C

# "അമ്മ"

മക്കളായ് നാലുപേരുണ്ടെങ്കിലും

അമ്മ ഏകയാണേകയാണീ ഊഴിയിൽ

അച്ചൻ മറഞ്ഞൊരു കാലം മുതൽക്കെ

ഭാരമായ് തീർന്നുവോ നാലുപേർക്കും
നാഴരി മണ്ണും പകുത്തെടുത്ത് മക്കൾ

നാലു വഴിക്കായി പിരിഞ്ഞു പോയി

അച്ചന്റെ ആത്മാവുറങ്ങുന്ന മണ്ണില്ല

നന്തിത്തിരി കൺ തുറന്നതില്ല

ഉള്ളം തുളുമ്പുന്നൊരോർമകൾ

നോവിന്റെയാഴം പെരുക്കിചിതയെരിച്ച

ദൃശ്യകുനം പോലെ അമ്മയെ കണ്ടൊരാ

മക്കൾ നടന്നു മറയുന്നതും നോക്കി

നെഞ്ചു പൊളിഞ്ഞമ്മ നീറി നിന്നു

ചെല്ലക്കഥകൾ നുകർന്നു രസിച്ചോരാ

പെരക്കിടാവോടി വന്ന നേരം

ശാസിച്ച നിർത്തി മരുമകളെങ്കിലും

മുത്തശ്ശി ക്കൊപ്പമൊന്നോടിയെത്താൻ


കൈനീട്ടി നിന്നു കരഞ്ഞു പൈതൽ

അന്യയായമ്മുമ്മ നൊന്തു നിൽക്കെ

നിർമലർ ബാല്യമേ നിന്നിൽ

പക നട്ടൊരച്ഛനും അമ്മയും എന്തുനേടി

* * *



# മരണത്തിനുമുന്നിലും കൂട്ടുകാരനെ ചേർത്തുപിടിച്ച വല്യുപ്പക്കുള്ള സമർപ്പണമായി ജൽവയുടെ വിജയം

**എൻ.എസ്. നിസാർ**

**ആലപ്പുഴ:** ജീവിതവും മരണവും കൊണ്ട് വല്യുപ്പ സാക്ഷ്യപ്പെടുത്തിയ സാഹോദര്യത്തിന്റെ വിളംബരമായിരുന്നു ജൽവയുടെ പാട്ടും പറച്ചിലും. സുഹൃത്തായ രാമനെ മരണത്തിൽനിന്ന് രക്ഷിക്കാനുള്ള വിഫലശ്രമത്തിനിടയിൽ കടലുണ്ടിയിൽ ട്രെയിൻതട്ടി മരണപ്പെട്ട പി.വി. അബ്ദുറഹിമാന്റെ പേരക്കുട്ടി കഥാപ്രസംഗ വേദിയിൽ മനസ്സു തൊട്ടുപറഞ്ഞത് വല്യുപ്പ അവസാനശ്വാസംവരെ മുറുകെപ്പിടിച്ച മൂല്യങ്ങൾ. 'ജമാലുൽ ബിലാദ്' (നാടിന്റെ സൗന്ദര്യം) എന്നു പേരിട്ട കഥയുമായി ഹൈസ്കൂൾ വിഭാഗം അറബിക് കഥാപ്രസംഗ വേദിയിൽ 'എ' ഗ്രേഡുമായി ഫാറൂഖ് കോളജ് ഹയർ സെക്കൻഡറി സ്കൂൾ പത്താംക്ലാസുകാരി വി.കെ. ജൽവ മികവുകാട്ടിയപ്പോൾ മരണത്തിനുമുന്നിലും മതംനോക്കാതെ കൂട്ടുകാരനെ ചേർത്തുപിടിച്ച വല്യുപ്പക്കുള്ള സമർപ്പണം കൂടിയായി ആ വിജയം. ജൽവയുടെ ഉമ്മ ഷഹനയുടെ പിതാവാണ് അബ്ദുറഹിമാൻ.



വി.കെ. ജൽവ

നിസ്സാര കാരണങ്ങളുടെ പേരിൽ കലഹിക്കുന്ന പുതുകാലത്ത് വല്യുപ്പയുടെ ജീവിതം മുൻനിർത്തി, മതസൗഹാർദത്തെയും സഹിഷ്ണുതയെയുംകുറിച്ച് ഹൃദ്യമായി കഥപറയുകയായിരുന്നു ജൽവ. നാടിന്റെ ഐക്യത്തിനുവേണ്ടി പോരാടാൻ പുതുതലമുറ ശക്തമായി രംഗത്തുവരുന്നതോടെയാണ് കഥ അവസാനിക്കുന്നത്. എല്ലാവരുമായും സൗഹാർദത്തിൽ പുലരണമെന്ന് എപ്പോഴും ഓർമിപ്പിക്കുകയും ആ രീതിയിൽ ജീവിച്ചു കാട്ടുകയും ചെയ്ത വല്യുപ്പയോടുള്ള സ്നേഹമാണ് ഇങ്ങനെയൊരു കഥ തെരഞ്ഞെടുക്കാനും അത് മനസ്സറിഞ്ഞ് അവതരിപ്പിക്കാനും പ്രചോദനമായതെന്ന് ജൽവ പറഞ്ഞു.

ഫാറൂഖ് സ്കൂളിലെ തന്നെ ഇ. ഉമ്മുകുൽസു-വി.സി. അഷ്റഫ് അധ്യാപക ദമ്പതികളാണ് ഈ കഥാപ്രസംഗം തയാറാക്കിയതെന്ന സവിശേഷതകൂടിയുണ്ട്.

# പച്ചക്കറി കൃഷി





# ആദ്യ വിളവെടുപ്പ്



# കൃഷിചെയ്യുവിനേവരും

"തരിശാക്കിയിടാൻ പാടി-
ല്ലാരും മണ്ണിലൊരോടവും
തരമോർത്തുള്ള ദിക്കെല്ലാം
കൃഷി ചെയ്യുവിനേവരും

നല്ല വൃക്ഷങ്ങൾ നന്നായി
നട്ടു പോറ്റണമേവരും
മക്കളെ പോറ്റിടും പോലെ
വൃക്ഷത്തേയും വളർത്തണം"

_____വസുമതി-കുഞ്ഞുണ്ണി മാഷ്


Sponsored By
10.C 2004



# ജലം

# ജീവാമൃതം

കാലം **AD 2033...!**

**ആ വൃദ്ധൻ ആഞ്ഞൊന്ന് ശ്വാസമെടുത്തു. എന്നാൽ കയറിയത് വായുവായിരുന്നില്ല, മനുഷ്യൻ വിഷകലുഷിതമാക്കിയ വാതകമായിരുന്നു. അതുമൂലം അയാൾ ഒന്നു കുരച്ചു. വെള്ളം കുടിക്കാനായി അയാൾ പുറത്തേക്ക് നടന്നു. മുറ്റത്തേക്ക് ആകാശത്ത്നിന്ന് ദൈവത്തിന്റെ അനുഗ്രഹമായി തുള്ളികൾ വീഴുന്നുണ്ടായിരുന്നു. അയാൾ ആർത്തിയോടെ നാവ് പുറത്തേക്കിട്ടു. ആ വെള്ളത്തുള്ളികൾ അയാളുടെ നാക്കിൽ വീണു. "ത്ഫൂ" അയാൾതുപ്പി. വായുവിൽ ചേർന്ന സൾഫ്യൂരിക് ആസിഡിന്റെ രുചി അയാൾക്ക് പിടിച്ചിട്ടുണ്ടാവില്ല. മഴയായി വർഷിച്ചത് വെള്ളമായിരുന്നില്ല ആസിഡായിരുന്നു. ആരോഗ്യവാനെപ്പോലും ഉരുക്കി ദ്രാവകമാക്കുന്ന ആസിഡ്. രക്ഷയ്ക്കായി ആ വൃദ്ധൻ വിടിനക്കത്തേക്ക് കയറി. തൊഴിലില്ലായ്മ മൂലം എല്ലാവരും കഷ്ടപ്പെടുന്നു. തൊഴിലുള്ളത് കടൽവെള്ളം ശുദ്ധീകരിക്കുന്ന ഫാക്ടറികളിൽ മാത്രം. അയാൾ ചിന്തിച്ചു. "നാൽപത് വയസ്സുള്ള താൻ ഒരു എൺപത്തഞ്ച് കാരനെ പോലെയായത് വെള്ളം കുടിക്കാതെ വൃക്കനശിച്ചതും ചർമ്മം ചുക്കിചുളിഞ്ഞതും മൂലമാണ്". അയാൾ ഓർത്തു. കുട്ടിക്കാലം എന്നും മനോഹരമായിരുന്നു. എങ്ങും പുഴകളും പാടങ്ങളും ഹരിതഭംഗിയും മാത്രം. കുടിക്കാനും കുളിക്കാനും കളിക്കാനുമൊക്കെ ഇഷ്ടംപോലെ വെള്ളം. ഇത്രയൊക്കെയായപ്പോൾ അയാളുടെ കണ്ണീൽനിന്ന് ആശ്രുക്കൾ പൊഴിയുന്നുണ്ടായിരുന്നു. ഇന്ന് തനിക്ക് അനുവദിച്ചിരിക്കുന്ന വെള്ളം ദിവസം അരഗ്ലാസാണ്. ഒരാൾക്ക് ശ്വസിക്കാനുള്ള 137 ക്യൂബിക് മീറ്റർ വായുവിന്റെ നികുതി വരെ നൽകണം. വെള്ളം കൊള്ളയടിക്കലും മോഷണവും ഇപ്പോൾ പതിവാണ്.**

മുഹമ്മദ് ആദിൽ

# ചിരി

യുവതാ ക്ലബ്ബിൽ ഒരാൾ ഒരല്പം
മുൻപ് ഒരു കള്ളുകുടിയൻ കാട്ടിയ
വീരകൃത്യങ്ങളെ നർമ്മത്തോടെ
അവതരിപ്പിക്കുകയാണ്. അവന്റെ
തുണിയുരുഞ്ഞ അഭ്യാസവും
കേളികളുമെല്ലാം അവൻ വിവരിച്ച്
പറയുന്നുണ്ട്. കൂടെയുള്ള മുഴുവൻപേരും
ചിരിച്ചു. ചുവരിൽ തൂക്കിയിട്ട
മൊണാലിസയും ഗാന്ധിജിയുമെല്ലാം
ചിരിച്ചു.

പക്ഷെ അവൻ ചിരിച്ചില്ല.
കാരണം അവൻ പറയുന്നത്
തന്റെ അച്ഛനെ
പറ്റിയായിരുന്നു.

RAHEES ■

# സ്കൂൾ കലോൽസവം








# കിതപ്പ്

കുതിച്ചു കുതിച്ചു മനുഷ്യൻ
മുന്നോട്ടു കിതയ്ക്കാനായി......
കുതിപ്പുകൾ കിതപ്പുകളേയും
മറികടന്ന് ഭൂകാണ്ഡാന്തരങ്ങളും
കടന്ന് സൗരപഥങ്ങളിലും
ധൂമ കേതുവിലും എത്തി നിൽക്കുന്നു
പക്ഷെ .......
മനുഷ്യൻ മറന്നു
തന്റെ സമയത്തെ
കീഴടക്കാൻ മനസ്സിലാക്കാൻ
മനസ്സില്ലാത്ത മാനവമേ
നീ ഒളിച്ചിട്ട് കാര്യമില്ല
കിതപ്പുകൾ ഒടുങ്ങുന്നു
ലോകം ,കുടുംബം,സമൂഹം
എന്നതിൽ നിന്ന് നീ
എന്നിലേക്ക് സമൂഹമേ
നിന്റെ കിതപ്പുകൾ അവസാനിക്കാറായ്
കുതിപ്പ് ഒടുങ്ങാറായ്.....

**AROMAL**

# മലയാളം,ഐ ടി  അധ്യാപകനുമായ

# സിറാജ് കാസിം വരച്ച ചിത്രം






# ലോക്കറ്റ്

സ്കൂളിലെ അവസാന ദിവസം അത്മാർത്ഥ സുഹൃത്തുക്കളായ രഞ്ജിത്തും കിരണും പ്ലസ് ടു വിന് ശേഷം ഉപരി പഠനത്തിനായി വെവ്വേറെ കോളേജുകളിലേക്ക് പോകുന്നു.അന്ന് അവസാനമായിട്ടായിരുന്നു അവർ കാണുന്നത് രണ്ട് പേരുടെയും അവരുടെ ദുഃഖം മറച്ചു വെക്കാൻ വളരെയധികം പണിപ്പെട്ടു. രഞ്ജിത്ത് കിരണിന് ഒരു ലോക്കറ്റ് സമ്മാനിച്ചു.''എന്റെ ഓർമ്മക്കായി കിരൺ നീ ഇത് സൂക്ഷിക്കണം.നമ്മുടെ ബന്ധം ഒരു ശക്തിക്കും തകർക്കാവില്ല.

വർഷങ്ങൾ കഴിഞ്ഞു

അതിരാവിലെ തിരക്കൊഴിഞ്ഞ നഗരം കനത്ത ഒരു മൂടൽ മഞ്ഞ് അവിടയാകെ നിറഞ്ഞു. വഴി വ്യക്തമല്ലായിരുന്നു. രഞ്ജിത് അതിലെ നടക്കുകയായിരുന്നു. അവനിന്ന് മുപ്പത് മയസ്സ് കഴിഞ്ഞിരിക്കുന്നു. അവൻ കൈയില്ലിരുന്ന സിഗരറ്റ് പാക്കറ്റ് പൊട്ടിച്ച് ഒരു കുറ്റി എടുത്ത് വലിച്ചു കൊണ്ടിരുന്നു. പെട്ടെന്നാണ് ഒരു മെഴ്സിഡസ് കാർ പാഞ്ഞു വന്നത് ഒരു നിമിഷം.. അടുത്ത കെട്ടിടത്തിലിടിച്ച് കാർ തകർന്നു.

രഞ്ജിത് സതംഭിച്ചു നിന്നു.പിന്നെ അവൻ കാറിനടുത്തേക്കു നീങ്ങി. തലയിൽ നിന്നും രക്തം വാർന്ന് ഒരാൾ അതിൽ കിടന്നിരുന്നു. രഞ്ജിത് തന്റെ പുതിയ ഐഫോൺ-7 എടുത്ത് ദൃശ്യങ്ങൾ പകർത്താൻ തുടങ്ങി. അവനെ കൂടാതെ കുറച്ച് പേർ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. അതിലൊരു വൃദ്ധന്റെ നിർബന്ധത്തിനു വഴങ്ങി രഞ്ജിതും ആശുപത്രിയിലേക്ക് പുറപ്പെട്ടു. പക്ഷെ അതിന് മുമ്പ് അയാൾ മരിച്ചു. അപ്പോൾ മാത്രമാണ് രഞ്ജിത് അയാളുടെ കഴുത്തിലെ ലോക്കറ്റ് ശ്രദ്ധിച്ചത്. അതിൽ എഴുതിയിരുന്നു.

ranjit
കിരൺ

രഞ്ജിത്തിന്റെ നിലവിളി ആശുപത്രി ചുമരുകളിൽ അലയടിച്ചു

ALLEN NOBEL



# മാറ്റം

പലപ്പോഴും ചില വ്യത്യസ്ത അനുഭവങ്ങൾ നമ്മുടെ ജീവിതത്തെ മാറ്റി മറിക്കുകയാണ്.നമ്മൾ യാത്ര ചെയ്തു കൊണ്ടിരിക്കുന്ന ഈ ജീവിതത്തിൽ ഇത്തരം ചില അനുഭവങ്ങൾ വലിയ മാറ്റങ്ങൾക്ക് വഴി ഒരുക്കുന്നവയാണ്.മാറ്റങ്ങൾ സ്വാഭാവികമാണ്.ജീവിത വിജയം കൈ വരിക്കാൻ ഇത്തരം ചില അനുഭവങ്ങൾ നമുക്ക് പ്രയോജനമാകുമെങ്കിൽ അത് മഹാ ഭാഗ്യമാണ്

നാം അറിയാതെ സംഭവിക്കുന്ന ഇത്തരം ജീവിത വഴിത്തിരിവുകൾ ഒരു വിചിന്തക്ക് ആക്കം കൂട്ടും.മത്സരമായി തീരുന്ന ഇന്നത്തെ ജീവിതങ്ങൾക്ക് ചില മാർഗം കാണിക്കാൻ തുണയേകും.ജീവിതത്തിൽ നിന്നും പിന്മാറേണ്ടി വരുന്ന സാഹചര്യങ്ങളിൽ സംഭവിക്കുന്ന ഇത്തരം അനുഭവങ്ങൾ ചില മാറ്റങ്ങൾക്ക് സ്വമേധയാ പ്രാപ്തി നൽകും.ഞാൻ നേടിയ വിജയങ്ങൾ എന്റേതല്ലെന്ന് ഞാൻ തിരിച്ചറിഞ്ഞത് ഇത്തരം അനുഭവങ്ങളിലൂടെയാണ്.അനുഭവ ശേഷം എന്നെ തേടി വന്ന വിജയമാണ് എന്നിൽ സന്തോഷമുണ്ടാക്കിയത്.

ജീവിതം ആപേക്ഷികമാണ്.ജീവിതാനുഭവമാണ് അതിന്റെ പക്ഷം. ഞാൻ യാത്ര തുടരുന്നു....

# മുറിവ്

മുറിവുകളായിരങ്ങളായിരുന്നു
മനസകങ്ങളിൽ
തെളിഞ്ഞവനായി
ജനിച്ചതോ
മർത്യം ചെയ്ത തെറ്റെന്ന്
ഉറക്കെ ചോദിച്ചെങ്കിലും
ഉറക്കമായിരുന്നു ഉറങ്ങാത്ത
മനസ്സുകൾക്ക്
വർഗീയ
വിഭാഗീയതകളിലലിഞ്ഞ്
വളർന്ന യുവ ഹൃദയങ്ങൾ
ഒരു മാൻ ഹോളിലേ
നൗഷാദിനേയോ
ഒരു ചിത്രത്തിലെ
ഐലനേയോ
കാണുമ്പോൾ കൺ മറച്ച്
കരടാണെന്ന് പറയുമ്പോൾ
മുറിയേണ്ടത് നമ്മുടെ
നാവുകളല്ലായിരുന്ന
ഗസ്സയും സിറിയയും
ഗാഢമായി നിലവിളിച്ചെങ്കിലും
നമ്മുടെ മനസ്സുകളിൽ
നുരഞ്ഞു പൊന്തിയത്
നാളെ മറ്റൊരു വാർത്ത
യാകുമെന്നുള്ള
ചിന്തയായിരുന്നു
നാട്ടിലെ നാരികൾ പോലും
നാാട്ടിനിരയായപ്പോൾ
നാടിലേക്കിറങ്ങി ചെന്നത്
നാരദന്റെ നാവിനേക്കാൾ
നോവുന്ന നരന്റെ
കഠാരകളായിരുന്നു
മുറിവുകളുടെ പട്ടിക
മുറിയാതെ നീളുമ്പോൾ
ഓർക്കാൻ മനസകങ്ങളിൽ
അറ ബാക്കിയുണ്ടായിരുന്നില്ല

**IJAS AHAMMED**

# മരവിക്കുന്ന വിദ്യാർത്ഥി മനസ്സുകൾ



ഉപ്പാ... ഞാൻ +2 വിൽ എത്തിയില്ലേ ഇനിയെങ്കിലും എനിക്കൊരു പുതിയ ഫോൺ ...! റഊഫേ നിന്റെ ഇപ്പോഴുള്ള ഫോണിന് എന്തു പറ്റി ? ഉപ്പാ അതിൽ വാട്സ് ആപ്പ് ഉപയോഗിക്കാൻ സാധിക്കില്ല.

മകന്റെ നിർബന്ധത്തിന് വഴങ്ങി ഉപ്പ അവനൊരു പുതിയ ഫോൺ നൽകി.റഊഫിന്റെ ജീവിതത്തിലെ പ്രധാന സമയങ്ങളെല്ലാം അവൻ ആ ഫോണിൽ ചിലവാക്കിയിരുന്നു. റഊഫ് അവന്റെ കുടുംബത്തിന്റെ അടുത്ത ബന്ധത്തിൽ നിന്ന് അകന്നു പോയത് മാതാപിതാക്കൾ അറിഞ്ഞില്ല.ആ കുടുംബം പണക്കാരായിട്ടു പോലും പണം കൊണ്ട് വില പറയാൻ കഴിയാത്ത വിധം കുടുംബ ബന്ധങ്ങളിൽ മാതാപിതാക്കൾ ശ്രദ്ധിച്ചില്ല.

രാത്രി പഠന സമയങ്ങളിലെ ഫോണുപയോഗം റഊഫിന്റെ ഉമ്മക്ക് ഇഷ്ടപ്പെട്ടില്ല. അവൻ ആ യന്ത്രവുമായി വല്ലാതെ അങ്ങ് അടുത്തു പോയിരുന്നു. ഊണും ഉറക്കവുമില്ലാതെ അവൻ അതിൽ കുത്തി കൊണ്ടിരുന്നു. ഒരിക്കൽ രാത്രി നേരം മൂന്നു മണി ആയിട്ടും റഊഫ് ഉറങ്ങാത്തതിനാൽ അവന്റെ ഉപ്പ ശാസിച്ചു

മോനേ ഉറങ്ങ് ഉറങ്ങേണ്ട സമയത്ത് ഉറങ്ങിയില്ലെങ്കിൽ അത് നിന്റെ ശരീരത്തെ ബാധിക്കും. റഊഫ് അവന്റെ ഉപ്പ പറഞ്ഞത് കാര്യമാക്കാതെ വീണ്ടും ഫോണിന് കൂടുതൽ അടിമപ്പെട്ടു കൊണ്ടിരുന്നു.ദവസവും ഇത് ഇങ്ങനെ തുടർന്നു.വീടിനുള്ളിൽ ബഹളമായി.റഊഫ് കൂടുതൽ ഉച്ചത്തിൽ ഇതിനെ എതിർത്തു.

അങ്ങനെ ഒരു ദിവസം ഉറങ്ങാൻ വൈകിയപ്പോൾ അവന്റെ ഉപ്പ ഫോൺ പിടിച്ചു വാങ്ങി എടുത്തു വച്ചു. റഊഫ് ഉപ്പയുമായി വാക്കു തർക്കമായി വിരലുകൾ ചൂണ്ടി സംസാരിക്കാൻ ഇടയായി.



ആ വാശിയിൽ റഊഫ് വീട്ടിൽ നിന്നും ഇറങ്ങി ഓടി.അവന്റെ ഉമ്മ വളരെ പരിഭ്രാന്തിയിലായി.

റഊഫിന് സ്വയം നിയന്ത്രിക്കാനായില്ല.അവൻ തന്റെ വീടിനടുത്തുള്ള റെയിൽവേ പാതയിൽ ചാടി ജീവനൊടുക്കി.

ഇത് വെറും കഥയല്ല. ഒരു യഥാർത്ഥ സംഭവമാണ്. ഇത് നടക്കുന്നത് അമേരിക്കയിലോ യൂറോപ്പിലോ അല്ല. നമുക്ക് സുപരിചിതമായ ഫറോക്കിലാണ്.

റഊഫിന്റെ ജീവിതം മാറ്റിയെഴുതിയ പേനയായിരുന്നു ആ മൊബൈൽ ഫോൺ. സമൂഹം വിദ്യാർത്ഥികള ഇന്ന് അവരുടെ മനസ്സിൽ തോൽവിയുടെ പരിഹാരം മരണമാണെന്ന് പകർന്നു നൽകുകയാണോ എന്നറിയില്ല ? വിദ്യാർത്ഥി സമൂഹം കൂടുതൽ മാറിയിരിക്കുന്നു.

ഇന്ന് എല്ലാ മാധ്യമങ്ങളും എടുത്ത് നോക്കിയാൽ കാണാൻ സാധിക്കുന്നത് ഇത്തരത്തിലുള്ള വാർത്തകളാണ്. പരിഹാരം കാണാതെ വന്നാൽ മരണമാണ് പരിഹാരം എന്ന വിശ്വസിക്കുന്ന എന്നാൽ മരണമാണ് യതാർത്ഥ തോൽവി എന്നും വിജയം നേടാൻ കഴിയീത്തത് കവിവ്വ കേടാണെന്നുള്ള നിസാര സത്യം ഏതു വിദ്യാ സമ്പന്നർക്കു പോലും മനസ്സിലാകുന്നില്ല.

ജീവിതത്തെ ഒറ്റ നിമിഷത്തിൽ വെറുക്കുന്നവർ ഏറെയാണ് . പക്ഷെ ആ പ്രയാസത്തെ മറി കടക്കുന്നവർ തുച്ഛവും. പലരും പരിഹാരങ്ങളെ മരണമായ് നിശ്ചയിക്കപ്പെടുന്നു

പഠനത്തോടൊപ്പം മനക്കരുത്തും ജീവിത പ്രതിസന്ധികളെ നേരിടാനുള്ള ആർജ്ജവവും നേടിയെടുക്കാൻ പുതു തലമുറ തയ്യാറാവേണ്ടതുണ്ട്.



# ഒരേ ഒരു കാര്യം ....
# ഒന്ന് മാത്രം .....

**NIHAL NASIM**

എനിക്ക് മനസ്സിലാകുന്നില്ല
സമാധാനത്തിന്റെ അരത്ഥമ എന്തെന്ന്
കലാബങ്ങൾ അണ പൊട്ടുന്ന ഈ ഭൂമിയിൽ
ബാല്യങ്ങളുടെ വിലയെന്തെന്ന്......
എനിക്ക് മനസ്സിലാകുന്നില്ല
കോഴ കൊടികുത്തി വാഴുന്ന
ഈ ലോകത്ത്  നമുക്ക് വിലയെന്തെന്ന് ......
ഞാൻ അറിയുന്നില്ല.......
ഒന്നെനിക്ക് മനസ്സിലാകുന്നു
ഒരേ ഒരു കാര്യം ഒന്ന് മാത്രം
മാറിമറിയുന്ന് ഈ ലോകത്ത്...
ഒന്നും എനിക്ക് മനസ്സിലാകുന്നില്ല

പരിസ്ഥിതിദിനത്തോടനുബന്ധിച്ച് മലയാളം അദ്ധ്യാപിക
ഉമ്മുകുൽസു ടീച്ചർ എഴുതി,കുട്ടികൾ ആലപിച്ച കവിത

# "വനരോദനം"

കാതടച്ചീടല്ലെ
കൂട്ടുകാരെ
കരളടച്ചീടല്ലെ കൂട്ടുകാരെ
കരയുന്നൊരെൻ
മനംകണ്ടിടാനാവാതെ
കരളങ്ങു കല്ലായി മാറ്റിയെന്നേ
കളിചൊല്ലുവാനീദിനം
മാറിയെന്നോ ?

പച്ചപ്പുതപ്പങ്ങു വെട്ടിമാറ്റി
കെട്ടിടം പലതങ്ങു കുത്തിനിർത്തി
പൊട്ടുമോയെന്നുടെ
മുതുകെന്നതോർത്തിട്ട്
ചെറ്റകുലുങ്ങാൻ തിടുക്കമായി
വയ്യ ചെറ്റകുലുങ്ങാൻ തിടുക്കമായി

ഉയിരേകി കുളിരേകി
നീർത്തടങ്ങൾ
ഉശിരാൽ മഹാമാരി തന്നിടങ്ങൾ
വറ്റിവരണ്ടങ്ങു കേഴുന്ന നേരത്തു-
മൂറ്റിയെൻ കനിവിന്റെ
നീരുപോലും
തത്ര കനിവറ്റ ഞാനും
പിളുക്കുകാട്ടി

പെറ്റവീണെങ്കിലമർത്ത്യനായ്
കുറ്റങ്ങൾ മാത്രം വിതച്ചിടുന്നോൻ
ഇറ്റുനീരൊന്നങ്ങിറക്കുവാൻ
വയ്യാതെ
കൊല്ലാതെ കൊല്ലുന്നു
വില്ലനെന്നും
തെല്ലു പൊല്ലാപ്പു ഞാനും
വിതച്ചിട്ടില്ലേ

ആർത്തി മൂത്തു കൊടും ചതി മുഴുത്തു
ആഴിയും ഊഴി പകുത്തെടുത്തു
കുന്നു പൊടിച്ചങ്ങു പാതയായ്
മേടയായ്
എന്നുമെൻ മാനം വിലക്കെടുത്തു
ഞാനുമെന്റെ വിളക്കു കെടുത്തി
വച്ചു

ആഢംബരം അഹംഭാവമേറി
കാർബണെൻ പ്രാണന്റെ
നാളമായി
കാടംബരത്തിലും ആധിയായ്
വ്യാധിയായ്
പാടുന്നു ഞാനെന്റെ ചരമഗീതം
അല്ല പാടുന്നതാരുടെ
ചരമഗീതം ?

# ചിത്രകലാ അധ്യാപകൻ
# യൂസുഫ് വരച്ച ചിത്രങ്ങൾ

# ആ സമരപ്പന്തലിൽ



വലിയ ചില്ലകളിലൂടെ ഞാൻ അവനെ നോക്കിയപ്പോൾ അവന്റെ മഞ്ഞക്കണ്ണുകൾ എന്തോ പറയുന്നത് പോലെ തോന്നി തൊട്ടിലിൽ കിടക്കുന്ന വലിയ തലയുള്ള ആ കുഞ്ഞിന്റെ തലയിൽ എന്തോ ചികഞ്ഞ് കൂട്ടുന്നത് പോലെ എനിക്ക് തോന്നി. കട്ടിലിൽ കിടക്കുന്ന ആ കർഷകനെ കണ്ടപ്പോൾ മധുരം വിഷമായത് ഞാൻ മനസ്സിലാക്കി

തുറിച്ചു നോക്കുന്ന ആ വൃദ്ധന്റെ കണ്ണുകളിൽ നന്മയുടെ നാളുകളുടെ പശ്ചാതാപം ഞാൻ കണ്ടു. നിരാശനായി നിൽക്കുന്ന ആ യുവാവ് എന്നോട് നിസ്സഹായതയോടെ നിശ്ശബ്ദ മൊഴികൾ പറയുന്നതായി അറിഞ്ഞു വാമൊഴികൾ കാറ്റിൽ പറക്കുമ്പോഴും എനിക്ക് തിരയേണ്ടി വരുന്നു- ആ മൊഴികളെ

# SCHOOL PARLIAMENT ELECTION








acer
Projector

# SMART ROBOTICS





# കണ്ണൂരിൽ വെച്ച് നടന്ന സംസ്ഥാന പ്രവർത്തി പരിചയ മേളയിൽ A Grade നേടിയ ഫാത്തിമ ഹുദ





# ഗ്രീൻ അംബാസിഡർമാർ



# ആലപ്പുഴയിൽ വെച്ച് നടന്ന സംസ്ഥാന കലാമേളയിൽ അറബിക്ക് സംഘഗാനത്തിൽ നേടിയ വിദ്യാർത്ഥിനികൾ



## സ്ത്രീ

കരഞ്ഞു കൊണ്ട് ജനിച്ച
സങ്കടക്കടലായ് ഒഴുകി
വരണ്ടുണങ്ങുന്നു നിത്യം





## മാധ്യമം

വാളിനും തോക്കിനും പകരം
വാക്കും പേനയും ഒരുക്കുന്ന
ഒരു പുതുയുഗ
സത്യസന്ധൻ

## ബെൽറ്റ്

അരക്കെട്ടു മുറുക്കാൻ
ഞാൻ വേണമെന്നിരിക്കെ
അഴിയുന്ന ബന്ധങ്ങളെ
മുറുക്കാൻ
മാനവനെന്നുപയോഗിക്കും



RISWAN



# ലഹരി

വാക്കുകൾക്കതീതം
നാശത്തിന്നുടമയായ
വനടിമയാവാം



# ജീവിതം

ജീവൻ കരിയിലയായ്
കൊഴിയും മുമ്പ്
പച്ചപ്പോടെ പ്രകാശിപ്പിക്കു

# ശാന്തത

ശാന്തതയുടെ തേരിൽ
സഞ്ചരിക്കേണ്ടതുണ്ട് നാം
നിത്യ ശാന്തതയിലലിയും മുമ്പ്



RISWAN

# ഹിന്ദി ദിനാചാരാണം








# സ്കൂളിലെ മിന്നും താരങ്ങൾ




**National Chess Champion**

**District Sports Gold Medal**

# ക്ലാസ്സ് ലൈബ്രറി ഉദ്ഘാടനം



# അഭിമാന താരം

കോടി രൂപ) കൈമാറ്റത്തുക.

2001ൽ ഇറ്റാലിയൻ ക്ലബ് പാർമയിൽനിന്ന് ജിയാൻ ല്യൂജി ബുഫണെ വാങ്ങാൻ യുവെന്റസ് മുടക്കിയതായിരുന്നു മുൻപത്തെ റെക്കോർഡ് തുക.

## സച്ചിൻ സുരേഷ് ഇന്ത്യൻ ഗോളി



**കോഴിക്കോട്** • സ്പെയിനിൽ നടക്കുന്ന അണ്ടർ 19 രാജ്യാന്തര ചാംപ്യൻഷിപ്പിനുള്ള ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ ഗോളിയായി സെപ്റ്റ് താരം. സെപ്റ്റ് പറപ്പൂർ സെന്ററിൽനിന്നു കളി പഠിച്ച സച്ചിൻ സുരേഷാണ് ഇന്ത്യൻ ടീമിൽ ഇടംനേടിയത്. ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂളിലായിരുന്നു തുടർപഠനവും പരിശീലനവും. തൃശൂർ സ്വദേശിയാണ്.

# സ്കൂളിൻെറ സവിശേഷതകൾ

- ആർട്സ് കോളേജ്, ടീച്ചർ ട്രൈനിംങ് കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് തുടങ്ങിയ പതിനൊന്നിൽ അധികം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യമുള്ള ക്യാമ്പസ്.
- ദൂരദേശങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ സൗകര്യം.
- കോഴിക്കോട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്പോർട്സ് ആന്റ് എഡ്യുകേഷൻ പ്രമോഷൻ ട്രസ്റ്റ് (സെപ്റ്റ്) എന്ന ഫുട്ബോൾ നഴ്സറിയുടെ എലൈറ്റ് സെന്റർ.
- കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഫുട്ബോളിൽ പ്രതിഭ തെളിയിച്ച കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് സെപ്റ്റ് (സ്പോർട്സ് ആന്റ് എഡ്യുകേഷൻ പ്രമോഷൻ ട്രസ്റ്റ് ) ന്റെ നേതൃത്വത്തിൽ നടത്തുന്ന സ്പെഷൽ ഫുട്ബോൾ കോച്ചിംഗ്.
- അക്ഷര ദീപം തെളിയിച്ച വിദ്യാലയത്തിന്റെ വികസന പ്രവർത്തനങ്ങളിൽ എന്നും പിൻബലമേകാൻ സുശക്തരായ പൂർവ്വവിദ്യാർത്ഥികൾ.
- 5000 പേർക്ക് ഇരിക്കാവുന്ന ഗാലറിയോടുകൂടിയ 6 ഏക്കറിലുള്ള ഗ്രൗണ്ട്. സ്പോർട്സ് താരങ്ങൾക്ക് ഡ്രസ്സ് മാറാനുള്ള റൂം, ബാത്ത് റൂം എന്നിവയടങ്ങുന്ന സുസജ്ജമായ ഈ പുൽമൈതാനം ലോകോത്തര ഫുഡ്ബാൾ താരങ്ങളുടെ പാദപതനത്താൽ അനുഗ്രഹീതമാണ്.
- ഫാറൂഖ് കോളേജ് ഓൾഡ് സ്റ്റുഡന്റ്സ് അസ്സോസിയേഷൻ ദുബായ് ചാപ്റ്ററും (ഫോഡറ്റ്) പ്രാദേശിക യൂണിറ്റും സംയുക്തമായി മലബാറിലെ വിദ്യാഭ്യാസ വികസനം ലക്ഷ്യമിട്ട് തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പൂർണമായും സൗജന്യമായി നടത്തുന്ന റസിഡൻഷ്യൽ കോച്ചിംഗ്, ഐ. എ. എസ്സ് - ഐ. പി. എസ്സ് - മെഡിക്കൽ - എൻജിനീയറിങ് തുടങ്ങിയ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്താൻ സഹായിക്കും.
- നിർധനരും നിലാരംഭരുമായ വിദ്യാർത്ഥികൾക്ക് തണലേകാൻ ഫാറൂഖ് എഡ്യൂകെയർ എന്ന ചാരിറ്റി സംരംഭം.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാധ്യമാക്കുമാറ് പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് ടൈലറിങ്ങിൽ പരിശീലനം നൽകാനായി സ്കൂൾ ടൈലറിങ് യൂണിറ്റ്

- 500 ൽ അധികം പേർക്കിരിക്കാവുന്ന അതിവിശാലമായ ഓഡിറ്റോറിയം.
- ആധുനിക സാങ്കേതിക വിദ്യയിലൂടെ പഠനം ആനന്ദകരമാക്കാൻ സുസജ്ജമായ മൾട്ടിമീഡിയ റൂം.
- ഹൈസ്കൂളിനും ഹയർ സെക്കണ്ടറിയ്ക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയുള്ള വെവ്വേറെ കമ്പ്യൂട്ടർ ലാബുകൾ.
- 300 ൽ അധികം പേരെ ഉൾക്കൊള്ളുന്ന സെമിനാർ ഹാൾ.
- ഹയർസെക്കണ്ടറി (എയ്ഡഡ്) വിഭാഗത്തിൽ എല്ലാ ക്ലാസ്സ്റൂമുകളും സ്മാർട്ട് ഹൈടെക് ക്ലാസ്സ്റൂമുകൾ
- ഹൈസ്കൂൾ വിഭാഗത്തിൽ ഇരുപത്തി ഏഴ് സ്മാർട്ട് ഹൈടെക് ക്ലാസ്സ്റൂമുകൾ
- വിദ്യാലയത്തിന്റെ കോംപൗണ്ടിനുള്ളിൽ തന്നെ പ്രവർത്തിക്കുന്ന സ്കൂൾ കാന്റീൻ.
- വിദ്യാർത്ഥികൾക്കാവശ്യമായ പഠനസാമഗ്രികൾ മിതമായ നിരക്കിൽ നൽകി വരുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
- ഹൈസ്കൂൾ, യു.പി.വിഭാഗങ്ങളിൽ ഇംഗ്ലീഷ് മീഡിയം മലയാളം മീഡിയം ക്ലാസ്സുകൾ.
- യു. എസ്. എസ് പരീക്ഷയ്ക്ക് പ്രത്യേകപരിശീലനം.
- ഹൈസ്കൂൾ, യു. പി. വിഭാഗങ്ങളിലെ പിന്നോക്കക്കാർക്കും മുന്നോക്കക്കാർക്കും ആവശ്യമായ കർമ്മ പദ്ധതികൾ നടപ്പിലാക്കുന്ന വിജയോൽസവം യൂണിറ്റ്.
- പാഠ്യേതര മേഖലകളിൽ സംസ്ഥാന തലം വരെ മികവ് തെളിയിക്കുന്ന രീതിയിൽ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന മികച്ച പരിശീലനപരിപാടികൾ.
- ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പഠനപ്രവർത്തനങ്ങളിൽ സഹായിക്കാൻ പ്രത്യേകം റിസോഴ്സ് ടീച്ചർ.
- പഠനത്തിന് തടസ്സമാകുന്നരീതിയിൽ കുട്ടികളെ ബാധിക്കുന്ന പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനുമായി ഹെൽപ്പ് ഡെസ്ക്, കൗൺസലിംങ്ങ് ടീച്ചർ.
- ശിശുസൗഹൃദ വിദ്യാലയാന്തരീക്ഷം.
- കാർഷിക വൃത്തിയിൽ ആഭിമുഖ്യം വളർത്തുന്ന രീതിയിലുള്ള ജൈവ പച്ചക്കറിത്തോട്ടം വിദ്യാലയത്തിന്റേയും ഹോസ്റ്റലിന്റേയും സൗന്ദര്യം വർദ്ധിപ്പിക്കുന്നു.

**ആന്ധ്രാ പ്രദേശിൽ വെച്ച് നടന്ന നാഷണൽ സ്കൂൾ ചെസ്സ് ച്യാമ്പ്യൻഷിപ്പിൽ സീനിയർ വിഭാഗത്തിൽ കേരളത്തിനു വേണ്ടി സ്വർണ്ണം നേടിയ ഫാറൂഖ് HSS ൻെറ അഭിമാന താരം ഷേർഷാ ബക്കർ**



# നന്ദി

പ്രിയരേ,

വിദ്യ അർത്ഥിക്കുന്നതോടൊപ്പം വിദ്യാലയത്തിനു പുറത്തായി എന്തെല്ലാം അനുഭവങ്ങൾ!! ചിന്തകൾ സങ്കൽപ്പകങ്ങൾ ആവിഷ്കരിക്കാനൊരുശ്രമം'സർഗ.com' ലൂടെ കഥയായി,കവിതയായി,ലേഖനങ്ങളായി,ചിത്രങ്ങളായ ി..... പെയ്തിറങ്ങുന്നു.

എഴുത്താണിക്ക് TATA പറഞ്ഞ് World wide web ലെ ഒരു ചെറു കണ്ണിയാകാൻ ഞങ്ങളുടെ ഒരു എളിയ ശ്രമം.സഹകരിച്ച കൂട്ടുകാർക്കും നിർദേശങ്ങൾ നൽകിയ അധ്യാപകർക്കും ഉചിതമല്ലെങ്കിലും ഓതട്ടെ നന്ദി.

തുടക്കത്തിന്റെ ഒപ്പം തിട്ടുക്കത്തിന്റെ ചാപല്യങ്ങളുണ്ടെങ്കിലും ഇടം തേടി കൊണ്ട് സമർപ്പിക്കട്ടെ

എഡിറ്റർ

AFLAH SIDHIQUE M.K